"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സർക്കാർ രൂപീകരിച്ച അഞ്ചംഗ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 'Revival, Rejuvenation, & Resurrection of Private Cashew Industry Sector' പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.376/2025/ID തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. സ.ഉ. (സാധാ.) നം. 151/2023/വ്യവ. തീയതി 21/02/2023.
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 12/03/2025 തീയതിയിലെ DIC/5286/2022- HC-H നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച അഞ്ചംഗ വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, സ്വകാര്യ കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 'Revival, Rejuvenation, & Resurrection of Private Cashew Industry Sector' എന്ന പദ്ധതി പ്രഖ്യാപിക്കുകയും ആയതിന് പരാമർശ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫീൽഡ് തലത്തിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ അതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ സ്പഷ്ടീകരണവും ഭേദഗതികളും വരുത്തണമെന്ന് മേൽ പരാമർശ കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ പ്രസ്തുത അപേക്ഷയും ശിപാർശയും സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന 'Revival, Rejuvenation, & Resurrection of Private Cashew Industry Sector' എന്ന പദ്ധതിയുടെ മാർഗ്ഗരേഖയിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഉള്ള അപേക്ഷകന് ESI/EPF വിഹിതം ഒരു സാമ്പത്തിക വർഷം പരമാവധി 10 ലക്ഷം രൂപയാക്കി നിജപ്പെടുത്തുന്നു. ഇതിന് 2021-22 മുതൽ പ്രാബല്യം ഉണ്ടാകുന്നതാണ്.

ii) ESI/EPF ആനുകൂല്യം കൈപ്പറ്റുന്ന സ്ഥാപനങ്ങൾ ആനുകൂല്യം ലഭിച്ച സാമ്പത്തിക വർഷാരംഭം (ഏപ്രിൽ 1) മുതൽ തുടർച്ചയായി അഞ്ചു വർഷം പ്രവർത്തിക്കേണ്ടതാണ്.

iii) ESI/EPF എന്നിവ ഒടുക്കുന്ന തൊഴിലാളികളുടെ സാക്ഷ്യപത്രം ESI/EPF ജില്ലാ അധികാരികൾ സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

iv) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിഷയത്തിൽ, അപേക്ഷകന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാടക കരാർ, അപേക്ഷകന്റെ പേരിൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ അനുമതി പത്രങ്ങൾ, അപേക്ഷകന്റെ തിരിച്ചറിയൽ രേഖകൾ എന്നിവ കൂടി ഉൾപ്പെടുത്തി നൽകേണ്ടതാണ്.

3. പ്രസ്തുത ഭേദഗതികളോടെ, മേൽ പരാമർശ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ/അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ (കാഷ്യു) & ചെയർമാൻ, കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം.
ധനകാര്യ (പി.യു-ഡി/ജി.ഐ.എം.സി) വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. കെ2/124/2022/വ്യവ.)

ഉത്തരവിൻ പ്രകാരം

Signed by
Susan Thomas
സെക്ഷൻ ഓഫീസർ
Date: 03-04-2025 16:12:32